# നമ്മുടെ ഓർമ്മശക്തിയുടെ വിഡിയോ റ്റേപ്പ്

നാമെല്ലാവരും നമ്മുടെ ഇഹലോകജീവിതത്തെപ്പറ്റി ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ട ഒരു ദിവസം വരുന്നതായി ബൈബിൾ പറയുന്നു. ഈ ഭൂമിയിൽ മനുഷ്യചരിത്രത്തിന്റെ അനേകമനേകം നൂറ്റാണ്ടുകളിലൂടെ ജീവിച്ചിരുന്നിട്ടുള്ള കോടിക്കണക്കിനു മനുഷ്യരെപ്പറ്റി ചിന്തിക്കുമ്പോൾ ഓരോ മനുഷ്യനും തന്റെ ജീവിതകാലത്തു ചെയ്കയും പറകയും ചിന്തിക്കയും ചെയ്തിട്ടുള്ള എല്ലാറ്റിന്റെയും ഒരു കണക്കു ദൈവം എപ്രകാരമാണു സൂക്ഷിക്കുന്നതെന്നോർത്തു നാം അദ്ഭുതപ്പെട്ടേക്കാം. ഓരോ മനുഷ്യന്റെയും ഓർമ്മശക്തി ഇതിന്റെ കണക്കു സൂക്ഷിക്കുന്നുണ്ട്.

നാം ചെയ്കയും പറകയും ചിന്തിക്കയും ചെയ്യുന്ന എല്ലാറ്റിനെയും സത്യസന്ധമായി രേഖപ്പെടുത്തുന്ന ഒരു വീഡിയോ റ്റേപ്പുപോലെയാണ് നമ്മുടെ ഓർമ്മശക്തി. അതു നമ്മുടെ ആന്തരികമനോഭാവങ്ങളെയും ഉദ്ദേശ്യങ്ങളെയും കൂടി രേഖപ്പെടുത്തുന്നു. ഒരു മനുഷ്യൻ മരിക്കു ൾ അവൻ തന്റെ ശരീരത്തെ ഈ ഭൂമിയിൽ വെടിയുന്നുവെ ലും അവന്റെ ഓർമ്മശക്തി അവന്റെ ദേഹിയുടെ ഒരു ഭാഗമാകയാൽ ആ ദേഹിയോടൊപ്പം മൃതാത്മാക്കളുടെ മണ്ഡലത്തിൽ ചെന്നെത്തുന്നു. അവസാനമായി ന്യായവിധിദിവസം വരു ൾ ഭൂമിയിലെ തന്റെ മുഴുവൻ ജീവിതത്തിന്റെയും കണക്കു ബോധിപ്പിക്കുവാനായി അവൻ ദൈവമു കെ നിൽക്കേണ്ടിവരുന്നു.

ആ ദിവസത്തിൽ ന്യായവിധിക്കായി ഓരോ വ്യക്തിയുടെയും മുറ വരു ൾ ദൈവത്തിന് അയാളുടെ കണക്കു കേൾക്കുവാനായി അയാളുടെ തന്നെ ഓർമ്മശക്തിയുടെ വീഡിയോ റ്റേപ്പു തിരിച്ചുവച്ചു കേൾപ്പിക്കുകയോ ചെയ്യേണ്ടതുള്ളു. ആ പരിശോധനയുടെ സൂക്ഷ്മത ആർക്കും ചോദ്യം ചെയ്യുവാൻ സാധ്യമല്ല. കാരണം, അയാളുടെ തന്നെ ഓർമ്മശക്തി തന്റെ ഇഹലോകജീവിതത്തിലെ വിശദാംശങ്ങളെ തിരിഞ്ഞുനോക്കുകയാവും അവിടെ ചെയ്യുന്നത്.

ഇന്നു മനുഷ്യൻ അണിഞ്ഞിട്ടുള്ള മാന്യതയുടെയും മതഭക്തിയുടെയും പുറംചട്ട അന്നു വലിച്ചു മാറ്റപ്പെടുകയും യഥാർത്ഥത്തിലുള്ള ആന്തരികമനുഷ്യൻ ഏതു

വിധമുള്ളവനെന്നതു വെളിപ്പെടുകയും ചെയ്യും. അന്നു മതഭക്തി ആരെയും രക്ഷിക്കുകയില്ല. എന്തെന്നാൽ ഓരോരുത്തനും ഏതൊരു തരത്തിൽ ജനിച്ചവനായാലും, ഏതു മതം അവലംബിച്ചു ജീവിച്ചവനായാലും, എല്ലാവരും പാപം ചെയ്തുവെന്ന കാര്യം വ്യക്തമായി വെളിപ്പെടും. നാം ചെയ്ത നന്മപ്രവൃത്തികളും ദരിദ്രർക്കോ പള്ളിക്കോ അ ലത്തിനോ മോസ്കിനോ പണം ദാനം ചെയ്തതും അന്ന് ഒരുവനെയും രക്ഷിക്കയില്ല. കാരണം, ഈ മതാനുഷ്ഠാനങ്ങൾക്കൊന്നിനും നമ്മുടെ പാപത്തിന്റെ രേഖയെ നശിപ്പിക്കുവാൻ സാധ്യമല്ല.

ആ ന്യായവിധി ദിവസത്തിൽ നാം ചെയ്തതും പറഞ്ഞതും ചിന്തിച്ചതുമായ ദോഷങ്ങളുടെ ആ രേഖ നമുക്കെതിരേ വിഡിയോ റ്റേപ്പുപോലെ സാക്ഷ്യം പറയാതെ അതിനെ സ്ഥിരമായിത്തന്നെ മായിച്ചുകളയുവാൻ ഒരൊറ്റ മാർഗ്ഗമെയുള്ളു. നമ്മുടെ നന്മപ്രവൃത്തികൾ ദോഷപ്രവൃത്തികളെ മായിച്ചുകളകയില്ല. നാം ചെയ്ത പാപങ്ങൾക്കു ന്യായവും നീതിയുക്തവുമായ ഒരു ശിക്ഷ നൽകേണ്ടി വരും. പാപത്തിനു ദൈവിക നിയമപ്രകാരം ഒരൊറ്റ ശിക്ഷ മാത്രമാണ് ഉള്ളതെന്നു ബൈബിൾ പറയുന്നു. അതു നിത്യമരണമാണ്. നമ്മുടെ പാപങ്ങൾക്കുവേണ്ടി നാമെല്ലാം അർഹിക്കുന്ന ശിക്ഷ ഈ മരണം തന്നെയാണ്.

ഈ ശിക്ഷയിൽനിന്നു നമ്മെ വിടുവിക്കാനാണ് ദൈവപുത്രനായ യേശുക്രിസ്തു ഏകദേശം ൨,000 വർഷങ്ങൾക്കുമു സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കു വരികയും യെരുശലേമിനുപുറത്ത് ഒരു കുരിശിൽ മരിക്കയും ചെയ്തത്. അവിടെ അവിടുന്നു മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾക്കുവേണ്ടിയുള്ള ദൈവശിക്ഷയെ - എല്ലാ മതവിഭാഗങ്ങളിലും പെട്ട എല്ലാ മനുഷ്യരും അനുഭവിക്കേണ്ട ശിക്ഷയെത്തന്നെ - തന്റെ മേൽ ഏറ്റെടുത്തു. അടുത്തുള്ള ഒരു കല്ലറയിൽ അവിടുന്നു അടക്കപ്പെട്ടു. താൻ വാസ്തവത്തിൽ ദൈവപുത്രനാണെന്നും മനുഷ്യന്റെ ഏറ്റവും വലിയ ശത്രുവായ മരണത്തെ ജയിക്കുവാൻ തനിക്കു സാധ്യമാണെന്നും തെളിയിച്ചുകൊണ്ടു മൂന്നാംദിവസം അവിടുന്നു മരിച്ചവരിൽനിന്നു ജീവിച്ചെഴുന്നേറ്റു. നാൽപതു ദിവസത്തിനുശേഷം ഒട്ടധികം പേർ അവിടുത്തെ നോക്കിക്കൊണ്ടിരിക്കയിൽത്തന്നെ, സകല മനുഷ്യരെയും ന്യായം വിധിക്കുവാൻ ദൈവത്തിന്റെ നിയമിക്കപ്പെട്ട സമയത്തു താൻ ഭൂമിയിലേക്കു തിരിയെ വരുമെന്നു വാഗ്ദാനം ചെയ്തുകൊണ്ട് അവിടുന്നു സ്വർഗ്ഗരോഹണം ചെയ്തു. ആ

വാഗ്ദാനം അവിടുന്നു നൽകിയശേഷം ഇപ്പോൾ 1960-ൽ പരം വർഷങ്ങൾ കടന്നുപോയിരിക്കുന്നു. ഭൂമിയിലേക്കുള്ള അവിടുത്തെ തിരിച്ചുവരവിന്റെ സമയം ഇപ്പോൾ ആസന്നമായിരിക്കുന്നു. ഈ ദിവസങ്ങളിലൊന്നിൽ സ്വർഗ്ഗത്തിൽനിന്ന് അവിടുന്ന് ആകാശത്തിൽ പ്രത്യക്ഷനാകുന്നതു നാം കാണും.

ചരിത്രത്തിൽ മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനുവേണ്ടി മരണമടഞ്ഞിട്ടുള്ള ഏകവ്യക്തി യേശുക്രിസ്തുവാണ്. മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റ ഏക വ്യക്തിയും അവിടുന്നു തന്നെ. ഈ രണ്ടു കാര്യങ്ങളിൽ യേശുക്രിസ്തു നിസ്തുല്യനത്രേ.

ഇന്നു നാം യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തുവെന്ന വിശ്വാസത്തോടെ നമ്മുടെ പാപങ്ങളിൽനിന്നു വിട്ടുമാറി അവയെക്കുറിച്ചനുതപിച്ച് യേശുക്രിസ്തു മൂലം നമ്മോടു ക്ഷമിക്കുവാൻ ദൈവത്തോടപേക്ഷിക്കുന്നപക്ഷം അവിടുന്നു നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയും ആ വിഡിയോ റ്റേപ്പിൽനിന്ന് അവയെ മായിച്ചുകളയുകയും ചെയ്യും.

*Copyright - Zac Poonen. No changes whatsoever are to be made to the content of the article without written permission from the author.*